DESPATCHED
on 01/03/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ എ.പി. 1610(3)/2020/എസ്.ഐ.സി.

ഉത്തരവ് തീയതി : 19.01.2021

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

**ശ്രീ കെ.ജെ.മൈക്കൾ,**
**കോളേങ്ങാടൻ ഹൗസ്, ഫ്രെൻസ് ലൈൻ,**
**നെല്ലിക്കുന്ന് കറ, തൃശ്ശൂർ –5.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

**1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &**
**വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,**
**ഒല്ലൂക്കര.**

**2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),**
**താലൂക്ക് ഓഫീസ്, തൃശ്ശൂർ** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 04.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.09.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 02.11.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 06.11.2020 |

## ഉത്തരവ്

19.01.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജി ഓഡിയോ കോൺഫെറൻസിലൂടെ തീർപ്പാക്കുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്ന് കാണിച്ച് 28.12.2020 ന് 12085/എസ്.ഐ.സി–ജി1/2020 എന്ന കത്ത് മുഖേന ഇരുകൂട്ടർക്കും കമ്മീഷൻ ജോയിന്റ് സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും അപ്പീൽ ഹർജിക്കാരനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും (എസ്.പി.ഐ.ഒ) ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ അപ്പീൽ ഹർജിയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം ഉത്തരാവുന്നു.

2. ശ്രീ.കെ.ജെ.മൈക്കൾ കമ്മീഷനിൽ സമർപ്പിച്ച ഈ അപ്പീൽ ഹർജി ടിയാൻ ഒല്ലൂക്കര വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒയ്ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ തൃപ്തനാകാതെ തൃശ്ശൂർ തഹസിൽദാർ മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയത് തൃശ്ശൂർ ഭൂരേഖ തഹസിൽദാർ ആയിരുന്നുവെന്നും, 26.08.2017 ലെ GO(MS) No. 303/2017/Revenue എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭൂരേഖ തഹസിൽദാർക്കും, താലൂക്ക് തഹസിൽദാർക്കും തമ്മിൽ ബന്ധമില്ലെന്നും, അത് രണ്ടും രണ്ട് ഡിപ്പാർട്ടുമെന്റുകൾ ആണെന്നും, അതിനാൽ ഒന്നാം അപ്പീൽ തീർപ്പ് സാധുതയുള്ളതല്ലെന്നുമാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്.

3. ഈ അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്ന നിയമപ്രശ്നത്തിനുള്ള ഉത്തരമാണ് ആദ്യം കണ്ടുപിടിയ്ക്കേണ്ടത്. ശ്രീ.കെ.ജെ.മൈക്കൾ അപ്പീൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്നത് 26.08.2017 ലെ GO(MS)No. 303/2017/Revenue എന്ന ഉത്തരവ് പ്രകാരം ഭൂരേഖ തഹസിൽദാർക്കും താലൂക്ക് തഹസിൽദാർക്കും തമ്മിൽ ബന്ധമില്ലെന്നും അവ രണ്ടും രണ്ട് ഡിപ്പാർട്ടുമെന്റുകളാണെന്നുമാണ്. അതുകൊണ്ടു തന്നെ എസ്.പി.ഐ.ഒ ആയ വില്ലേജ് ഓഫീസറുടെ വിവരാവകാശ മറുപടിയ്ക്കെതിരെ സമർപ്പിക്കുന്ന ഒന്നാം അപ്പീൽ തീർപ്പാക്കേണ്ടത് അതേ പൊതു അധികാര സ്ഥാനത്തെ എസ്.പി.ഐ.ഒ യുടെ മുകളിലുള്ള ഉദ്യോഗസ്ഥനായ താലൂക്ക് തഹസിൽദാർ ആയിരിക്കണം എന്നാണ്. ഹർജിക്കാരൻ സൂചിപ്പിച്ച സർക്കാർ ഉത്തരവ് കമ്മീഷൻ വിശദമായി പരിശോധിച്ചു. റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളുടെ ഭൂരേഖകളുടെ പരിപാലനവും, റീസർവ്വെയ്ക്ക് ശേഷമുണ്ടായ പരാതി തീർപ്പാക്കുന്നതിനുള്ള ചുമതലയും തഹസിൽദാർക്ക് (ഭൂരേഖ) നൽകിക്കൊണ്ട് 31.05.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 200/10/റവന്യൂ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നെങ്കിലും അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനോ, സർക്കാർ നയങ്ങൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനോ കഴിഞ്ഞില്ലെന്ന്


RIGHT TO INFORMAT

ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിക്കുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവാണ് ഹർജിക്കാരൻ സൂചിപ്പിച്ച 26.08.2017 ലെ GO(MS) No. 303/2017/Revenue എന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് കൊണ്ട് തഹസിൽദാരെയും (ഭൂരേഖ), താലൂക്ക് തഹസിൽദാരെയും രണ്ട് ഡിപ്പാർട്ടുമെന്റുകളുടെ കീഴിൽ ആക്കിയിട്ടില്ല. മുകളിൽ വിവരിച്ചിരിക്കുന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ ചില ആഭ്യന്തര ക്രമീകരണങ്ങൾ മാത്രമാണ്. വിവരാവകാശ നിയമവുമായോ, ഒന്നാം അപ്പീൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിയമവുമായോ ഈ ഉത്തരവിന് യാതൊരു ബന്ധവുമില്ല. ആയതിനാൽ ഇത് സംബന്ധിച്ച ഹർജിക്കാരന്റെ ആക്ഷേപം നിലനിൽക്കുന്നതല്ല.

4. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നാണ് ടിയാന്റെ ഒന്നാം അപ്പീലിലെയും കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീലിലെയും ആക്ഷേപം. വിവരാവകാശ അപേക്ഷയിലൂടെ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒല്ലൂക്കര വില്ലേജിൽ റീസർവ്വെ നടന്നിട്ടുണ്ടോ?, ഉണ്ടെങ്കിൽ ഏത് തീയതിയിൽ; ഒല്ലൂക്കര വില്ലേജിലെ സെക്ഷനുകളിലെ റഫ് സ്കെച്ച്; ഒല്ലൂക്കര വില്ലേജിൽ വില്ലേജ് സ്ഥാപിതമാകുന്നതിന് മുമ്പോ പിമ്പോ റീസർവ്വെ നടന്നിട്ടുണ്ടെങ്കിൽ അതിന്റെ തീയതി എന്നിവയാണ്. അതിന് ഒല്ലൂക്കര വില്ലേജിൽ റീസർവ്വെ നടന്നിട്ടില്ലെന്നും റീസർവ്വെ നടക്കാത്തതിനാൽ ബ്ലോക്ക്, സെക്ഷൻ എന്നിവ സ്ഥാപിതമായിട്ടില്ലെന്നും, റീസർവ്വ നടന്നിട്ടില്ലാ എന്നതിനാൽ മറ്റ് ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ സാധിക്കുന്നില്ലെന്നാണ് എസ്.പി.ഐ.ഒ മറുപടി നൽകിയത്. എസ്.പി.ഐ.ഒ യുടെ മറുപടി അംഗീകരിച്ചുകൊണ്ട് ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തത്.

5. റീസർവ്വെ നടക്കാത്തതിനാൽ ബ്ലോക്ക്, സെക്ഷൻ എന്നിവ സ്ഥാപിതമായിട്ടില്ലെന്ന എസ്.പി.ഐ.ഒയുടെ മറുപടി തെറ്റായിട്ടുള്ളതും രേഖകൾ പരിശോ

ധിക്കാതെ നൽകിയിട്ടുള്ളതുമാണെന്നാണ് ഹർജിക്കാരന്റെ വാദം. അതിനായി ഹർജിക്കാരൻ ഉന്നയിക്കുന്നത് 2010 മുതൽ 2018 വരെ തൃശ്ശൂർ രണ്ടാം അഡീഷണൽ മുൻസിഫ് കോടതിയുടെ നിർദ്ദേശപ്രകാരം ഒല്ലൂക്കര വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ ബ്ലോക്ക്, സെക്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ അതിർത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതിന്റെ തെളിവുകൾ ടി കോടതിയിലെ ഒ.എസ്.3354/2010 കേസ് ഫയലിൽ ലഭ്യമാണെന്നും ടിയാൻ വാദിക്കുന്നു. മുകളിൽ പറഞ്ഞ അളവ് നടത്തുവാനായി അന്നത്തെ വില്ലേജ് ഓഫീസർ ഉപയോഗിച്ച റഫ് സ്കെച്ചിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കണമെന്നാണ് ഈ ഹർജിയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

6. ഹർജിക്കാരന്റെ വാദങ്ങൾ തെളിയിക്കുവാനുള്ള രേഖകളൊന്നും ടിയാൻ ഹാജരാക്കിയിട്ടില്ലെങ്കിലും തൃശ്ശൂർ രണ്ടാം അഡീഷണൽ മുൻസിഫ് കോടതിയിലെ ഒ.എസ്.3356/2010 എന്ന കേസ് ഫയലിൽ ഒല്ലൂക്കര വില്ലേജിൽ ബ്ലോക്ക്, സെക്ഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ അതിർത്തി അളന്ന് തിട്ടപ്പെടുത്തിയതിന്റെ തെളിവുകൾ ഉണ്ടെന്ന് ശക്തമായി വാദിക്കുന്ന സ്ഥിതിക്ക് ടിയാൻ തെളിവുകൾ ഹാജരാക്കിയില്ലെന്ന ഒറ്റ കാരണത്താൽ ടിയാന്റെ വാദം പൂർണ്ണമായി തള്ളിക്കളയാവുന്നതല്ല. ആയതിനാൽ ഹർജിക്കാരൻ സൂചിപ്പിക്കുന്ന രീതിയിലുള്ള രേഖകൾ ഒല്ലൂക്കര വില്ലേജ് ഓഫീസിലെ രേഖകളുടെ ശേഖരത്തിൽ ഉണ്ടോയെന്ന് അറിയുന്നതിനായി വിശദമായ ഒരു തിരച്ചിൽ വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. അപ്രകാരം ഒരു തിരച്ചിൽ നടത്തിയെന്ന് അപ്പീൽ അധികാരിയായ തൃശ്ശൂർ തഹസിൽദാർ (ഭൂരേഖ) ഉറപ്പ് വരുത്തേണ്ടതുമാണ്. വിവരാവകാശ അപേക്ഷകന് വിവരം ലഭ്യമാക്കുന്നതിന് മാത്രമല്ല അത്തരം രേഖകൾ കണ്ടുപിടിയ്ക്കുന്നത് വില്ലേജ് ഓഫീസിനും താലൂക്ക് ഓഫീസിനും ഭാവിയിൽ ഉപകാരപ്പെടുന്നതാണ്. ഹർജിക്കാരൻ സൂചിപ്പിച്ച രേഖകൾ തിരച്ചിലിൽ കണ്ടുകിട്ടുന്ന മുറയ്ക്ക് അതിന്റെ പകർപ്പ് ടിയാന് സൗജന്യമായി നൽകേണ്ടതാണ്. ഈ നടപടി ക്രമങ്ങൾ ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്.



RIGHT TO INFORMAT

7. മുകളിൽ പറഞ്ഞ ഉത്തരവോടുകൂടി ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 19-൦൦ തീയതി തീർപ്പാക്കുന്നു.

ഒപ്പ്
എസ്. സോമനാഥൻ പിള്ള
വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

JN


RIGHT TO INFORMAT